# ക്രിസ്തുമസ്സ് - ഒരു പ്രതീക്ഷയും ഒരു വെല്ലുവിളിയും

എല്ലാവർക്കും വലിയ ആനന്ദം പകർന്നുകൊണ്ട് ഒരിക്കൽക്കൂടി ക്രിസ്തുമസ്സ് വരികയായി. ആശംസാ കാർഡുകൾ കൈമാറിയും, നക്ഷത്രവിളക്കുകൾ തൂക്കിയും പ്രിയപ്പെട്ടവർ ഒരുമിച്ചുചേർന്നും, കേക്കുമുറിച്ചും തിരുക്കർമ്മങ്ങളിൽ ഭക്തിപൂർവ്വം പങ്കുചേർന്നുമെല്ലാം ഈ ആഘോഷത്തിന്റെ ഭാഗമാകാൻ എല്ലാവരും ശ്രമിക്കുന്നു. ഇത് ഒരേ സമയം പ്രതീക്ഷ നല്കുന്നതും എന്നാൽ വെല്ലുവിളി ഉയർത്തുന്നതുമായ ആഘോഷമാണ്.

പിരിമുറുക്കങ്ങളും ഉത്കണ്ഠകളും അസ്വസ്തയും, നൈരാശ്യവും പടരുന്ന ഇക്കാലത്ത് ക്രിസ്തുമസ്സ് സന്ദേശത്തിന് വലിയ പ്രസക്തിയുണ്ട്. സ്വർത്ഥതയും സ്പർദ്ധയും വിഭഗീയതയും പെരുകുമ്പോൾ കരുതലിന്റേയും, സ്നേഹത്തിന്റേയും, കാരുണ്യത്തിന്റേയും ഈ അനുസ്മരണം ലോകത്തിന് ഒരു പുതിയ ഉണർവ്വ് നല്കും. ആഢംബരങ്ങളും ധൂർത്തും വർദ്ധിച്ചുവരുന്ന ലോകത്തിൽ ലാളിത്യത്തിന്റെ പാഠം നല്കുന്ന ക്രിസ്തുമസ്സ് ഒരു വെല്ലുവിളി തന്നെ. താഴെപ്പറയുന്ന പഞ്ചസന്ദേശങ്ങളിലൂടെ ഈ ക്രിസ്തുമസ്സ് വളരെ പ്രസക്തമാകുന്നതായി തോന്നുന്നു.

1. **കാത്തിരിക്കുക................... ദൈവം സന്ദർശിക്കും!!!.**

നൂറ്റാണ്ടുകളായി ഉണ്ടായിരുന്ന ജനത്തിന്റെ കാത്തിരിപ്പിന്റെ നടുവിലേയ്ക്കാണ് അപ്രതീക്ഷിതമായി ഉണ്ണീശോ പിറക്കുന്നത്. ദൈവം വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. വേദനയും അടിമത്തവും അനുഭവിക്കുന്നവനും അജ്ഞതയുടെ അന്ധകാരത്തിൽ കഴിഞ്ഞിരുന്നവരുമായ ജനത്തിന് വലിയ പ്രതീക്ഷ നല്കുകയാണ് തിരുപ്പിറവി. ഇരുളിലും മരണത്തിന്റെ നിഴലിലും കഴിഞ്ഞിരുന്നവർക്ക് പ്രകാശമായി ഈശോ വരുന്നു(ലൂക്കാ1/79); ദൈവം മനുഷ്യന്റെ പ്രശ്നങ്ങളിൽ സഹായിക്കുവാൻ ഇറങ്ങിവരും. പക്ഷേ അതിന് ദൈവം നിശ്ചയിക്കുന്ന ഒരു സമയമുണ്ട്, അതുവരെ കാത്തിരിക്കണം. അങ്ങനെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന എല്ലാവർക്കും ദൈവം സന്ദർശിക്കുന്ന അനുഭവം ഉണ്ടാകും.

2. **ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല.......**

അസാദ്ധ്യതകളെ സാദ്ധ്യമാക്കുന്ന നിരവധി അനുഭവങ്ങൾ ക്രിസ്തുമസ്സുമായി ബന്ധപ്പെട്ട് കാണാം. മാലാഖ മറിയത്തോടു പറഞ്ഞു ''ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല''(ലൂക്കാ 1/37). ദൈവം തന്റെ മഹത്വം മാറ്റിവച്ച് മനുഷ്യന്റെ രൂപം സ്വീകരിച്ചു. കന്യക ദൈവീക ഇടപെടൽവഴി ഗർഭം ധരിച്ചു. നസ്രത്തിലെ ഒരു കന്യക ദൈവത്തിന്റെ അമ്മയാകാൻ നിയോഗിക്കപ്പെട്ടു. വൃദ്ധരായ സഖറിയായ്ക്കും ഏലീശ്വായ്ക്കും ഇനി കുട്ടികളുണ്ടാകാൻ സാദ്ധ്യതയില്ലാത്ത അവസ്ഥയിൽ സ്നാപകൻ എന്ന ശക്തനായ പ്രവാചകന് ജന്മം കൊടുക്കുവാൻ സാധിച്ചു; വിവാഹനിശ്ചയം കഴിഞ്ഞിരിക്കേ സഹവസിക്കുന്നതിനു മുൻപ് ഗർഭിണിയായികാണപ്പെട്ട പെൺകുട്ടിയെ ദൈവീകാഹ്വാനപ്രകാരം ഭാര്യയായി സ്വീകരിക്കുവാൻ യൗസേപ്പിനു കഴിഞ്ഞു. ദൈവം മനുഷ്യ ജീവിതത്തിൽ ഇടപെടുവാൻ അനുവദിച്ചാൽ അസാദ്ധ്യതകളെല്ലാം സാദ്ധ്യതകളായി മാറും.

**3. ഓരോരുത്തരും സ്നേഹിക്കപ്പെടുന്നു!!!**

എല്ലാവരും വിലയുള്ളവരാണെന്നും ഓരോരുത്തരും സ്നേഹിക്കപ്പെടുന്നു വെന്നും തിരുപ്പിറവി അനുസ്മരിപ്പിക്കുന്നുണ്ട്. തന്നിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചു പോകാതെ എല്ലാവരും രക്ഷ പ്രാപിക്കണമെന്നാഗ്രഹിക്കുന്ന ദൈവം '' തന്റെ ഏകജാതനെ നല്കാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ചു''. (യോഹ.3/16). രക്ഷകനുവേണ്ടി കാത്തിരുന്ന ജനം മുഴുവനും നല്ലവരായിരുന്നില്ല. ദൈവത്തോട് അവിശ്വസ്തതയും, നന്ദി കേടും, ധിക്കാരവും ഏറെയുണ്ടായിരുന്നു. എന്നാൽ അവർക്കെല്ലാം അവസരം നല്കുന്ന കരുണയാണ് ക്രിസ്തുമസ്സിന് വെളിപ്പെടുന്നത്. സകല ജനത്തിനും വേണ്ടിയുള്ള സന്തോ ഷത്തിന്റെ വാർത്തയാണ് ഇശോ. ഏതവസ്ഥയിലുള്ള മനുഷ്യനും ദൈവത്താൽ സ്നേഹി ക്കപ്പെടുന്നുണ്ട്. പ്രത്യാശയിൽ രക്ഷ എന്ന ചാക്രികലേഖനത്തിൽ ബനഡിക്ട് പതിനാറാ മൻ പാപ്പ തന്റെ മുൻഗാമി വിശുദ്ധ പദവിയിലേയ്ക്കുയർത്തിയ ആഫ്രിക്കക്കാരിയായ ജോസ ഫൈൻ ബഖീത്തയുടെ കഥ പറയുന്നുണ്ട്.

9–ാമത്തെ വയസ്സിൽ അടിമക്കച്ചവടക്കാർ അവളെ തട്ടിക്കൊണ്ടുപോയി 5 പ്രവശ്യം സുഡാനിലെ അടിമ മാർക്കറ്റിൽ അവൾ വിൽക്കപ്പെട്ടു. വിവിധ യജമാനന്മാർ ഏൽപ്പിച്ച 144 മുറിവുകൾ അവളുടെ ശരീരത്തിൽ ഉണ്ടായിരുന്നു. ഒത്തിരി സഹിക്കേണ്ടി വന്ന അവൾ തികച്ചും വ്യത്യസ്തനായ ഒരു യജമാനനെ ഈശോയിൽ കണ്ടെത്തി. അത് അവൾക്കു പ്രതീക്ഷ നല്കി . ഞാൻ തീർച്ചയായും സ്നേഹിക്കപ്പെടുന്നു എനിക്കെന്തു സംഭവിച്ചാലും ആ സനേഹം കാത്തിരിക്കുന്നു. അതിനാൽ എന്റെ ജീവിതം നല്ലതാണ് എന്ന് ഏറ്റു പറഞ്ഞാണ് അവൾ പിന്നീടു ജീവിച്ചത്. പാപികളോടും വേദനിക്കുന്നവരോടും ഭാരം താങ്ങി വലഞ്ഞവരോടും, നിനക്കുവിലയുണ്ട് നീ സ്നേഹിക്കപ്പെടുന്നു എന്നുപറ ഞ്ഞുകൊണ്ടാണ് ക്രിസ്തുമസ്സ് കടന്നു വരുന്നത്.

**4. ഇതാ സമാധാനത്തിനുള്ളവഴി !!!**

ഭൂമിയിൽ സന്മനസ്സുള്ളവർക്കെല്ലാം സമാധാനത്തിലേയ്ക്കുവരുവാനും , സമാധാനം നിലനിർത്താനും വഴികാണിച്ചുകൊണ്ടാണ് ഈശോ വരുന്നത്. അവിടുത്തെ വാക്കുകളിലേയ്ക്കും പ്രവർത്തികളിലേയ്ക്കും ജീവിതത്തിലേയ്ക്കും ശ്രദ്ധിച്ചുനോക്കുന്ന വർക്ക് എങ്ങിനെ സമാധാനം ഉണ്ടാക്കാം ; അതു നിലനിർത്താം എന്നു മനസ്സിലാകും.

**5. ലാളിത്യം മഹത്തരം........**

എല്ലാം സ്വന്തമാക്കാനും തനിയെ അനുഭവിക്കാനും മനുഷ്യൻ വ്യഗ്രതപ്പെടുമ്പോഴാണ് ലാളിത്യത്തിന്റേയും പങ്കുവച്ച് ചെറുതാകലിന്റേയും ശക്തമായ സന്ദേശം നല്കി കാലിത്തൊ ഴുത്തും, തിരുപ്പിറവിയും കാണുന്നത്. ദൈവമഹത്വം മാറ്റിവച്ച് സാധാരണ മനുഷ്യന്റെ ഇല്ലായ്മയിലേയ്ക്ക് ഇറങ്ങിവന്നവന്റെ ഓർമ്മ ആഘോഷിക്കുമ്പോഴെങ്കിലും ധൂർത്ത്, ആഢം ബരം, സുഖലോലുപത ഇവയെപ്പറ്റി മനുഷ്യൻ ഒന്നു പശ്ചാത്തപിച്ചിരുന്നെങ്കിൽ ..........

ഇതാ ക്രിസ്തുമസ്സ് ....... എല്ലാവർക്കും പ്രതീക്ഷയായി ..... ഇതാ മനുഷ്യാവ താരം എല്ലാവർക്കും വെല്ലുവിളി നല്കി....... ക്രിസ്തുമസ്സ് ആശംസകൾ.

**ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ.**